# INTERNATIONAL INDIAN SCHOOL –RIYADH

## SUMMATIVE ASSESSMENT I 2015-16

CLASS VI

SUB: MALAYALAM

MARK:90

TIME: 3HRS

## SECTION-A (39 MARK)

**I താഴെ കൊടുത്തിരിക്കുന്ന പദങ്ങളുടെ അർത്ഥം ബ്രാക്കറ്റിൽ നിന്നും തെരഞ്ഞെടുത്തെഴുതുക** (8)

1) അശ്രു 2) കലി 3) പക 4) പടലം 5) പാദം 6) കരം 7) വരാഹം 8) സാരം

( പന്നി, അർത്ഥം, പദ്യം, വഴി, നികുതി, ശത്രുത, കണ്ണീർ, കോപം, ഒഴുകുക, കാൽ, കൂട്ടം)

**II താഴെ കൊടുത്തിരിക്കുന്ന പദങ്ങളുടെ പര്യായപദങ്ങൾ ബ്രാക്കറ്റിൽ നിന്നും തെരഞ്ഞെടുത്തെഴുതുക** (5)

1) മകൾ 2) കണ്ഠം 3) കണ്ണ് 4) ആന 5) ശത്രു

( നയനം, സുധ, കഴുത്ത്, നേത്രം, ഗജം, പുത്രി, ഗളം, സുത, അരി, കരി, ദിനം, രവം, ദന്തം, രിപു )

**III താഴെ കൊടുത്തിരിക്കുന്ന പദങ്ങളുടെ വിപരീത പദം ബ്രാക്കറ്റിൽ നിന്നും തെരഞ്ഞെടുത്തെഴുതുക** (5)

1) ദരിദ്രൻ 2) കൊടുക്കുക 3) വന്ദിക്കുക 4) ശാന്തം 5) ദുർഗുണം

(അദുർഗുണം, വാങ്ങുക, സുഖം, സമ്പന്നൻ, അശാന്തം, സത്ഗുണം, നിന്ദിക്കുക, രൗദ്രം)

**IV താഴെ കൊടുത്തിരിക്കുന്ന പദങ്ങളുടെ നാനാർത്ഥം ബ്രാക്കറ്റിൽ നിന്നും തെരഞ്ഞെടുത്തെഴുതുക** (5)

1)സ്നേഹം 2) മണി 3) കരി 4) ഫലം 5) കരം

(കൈ, കുതിര, നികുതി, ആന, പഴം, സമയം, ഒരു അളവ്, ധനം, ഇഷ്ടം, കിലുക്കാനുള്ള ഉപകരണം, എണ്ണ, കലപ്പ, പ്രയോജനം)

**V** താഴെ കൊടുത്തിരിക്കുന്ന പദങ്ങളുടെ അർത്ഥവ്യത്യാസം ബ്രാക്കറ്റിൽ നിന്നും തെരഞ്ഞെടുത്തെഴുതുക (5)

1) രംഗം–രാഗം 2) രൂപം–ധൂമം 3) മതം–മദം 4) കലി–കളി 5) പഴി–വഴി

(ദേഷ്യം, പുക, കുറ്റം, വിനോദം, അഹങ്കാരം, ആകൃതി, മാർഗം,പോകുക, വേദി, അഭിപ്രായം, ഇഷ്ടം)

**VI** താഴെ കൊടുത്തിരിക്കുന്ന പദങ്ങൾ പിരിച്ചെഴുതുക (4)

1) ഇക്കാര്യം 2) പകുതിയുമില്ല 3) കരുണാർദ്രം 4) മാനസാന്തരം

**VII** താഴെ കൊടുത്തിരിക്കുന്ന പദങ്ങൾ ചേർത്തെഴുതുക (4)

1) കള്ളി+പെണ്ണ് 2) ഇന്ന്+എനിക്ക് 3) കണ്ണുകൾ+ഓടെ 4) ഓർമ +ഇരിക്കട്ടെ

**VIII** വാക്യത്തിൽ പ്രയോഗിക്കുക (1 1/2*2=3)

1) നിത്യശത്രു 2) തിക്കും തിരക്കും

## SECTION-B (36)

**I** താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക 1*7=7

1)ചങ്ങാലിപ്രാവ് എന്ന കവിത ഏത് കവിതാസമാഹാരത്തിൽ നിന്നും എടുത്തിട്ടുള്ളതാണ് ?

(മിന്നാമിന്നി,കണ്ണീർപ്പാടം,പച്ചക്കുതിര,ശ്രീരേഖ)

2) മരത്തിന്റെ മുകളിലിരിക്കുന്ന സക്കേവൂസിനെ ഏതു ജീവിയോടാണ് താരതമ്യം ചെയ്തിരിക്കുന്നത് ?

(പാമ്പ്,എലി, ഓന്ത്, പൂച്ച)

3) ശംഖുചക്രഗദാധാരിയായി പ്രഹ്ലാദന്റെ മുമ്പിൽ എത്തിയതാരായിരുന്നു ?

(പരമശിവൻ,ഹിരണ്യകശിപു,നാരദൻ,മഹാവിഷ്ണു)

4) മകനേ ,ഇന്ന് ഈ ഭവനത്തിന് രക്ഷ കൈവന്നിരിക്കുന്നു .ആരുടെ വാക്കുകളാണിവ ?

(മഹാവിഷ്ണു,ഹിരണ്യകശിപു , യേശുദേവൻ ,പ്രഹ്ലാദൻ )

5)ഏതിനുള്ളിൽ നിന്നാണ് നരസിംഹം പുറത്തുവന്നത് ?

(ജനൽ,വാതിൽ, ചുമർ,തൂണ് )

6) ചങ്ങാലിപ്രാവ് എന്ന കവിത എഴുതിയതാരാണ്

(കുമാരനാശാൻ,വൈലോപ്പിള്ളി ശ്രീധരമേനോൻ,ചങ്ങമ്പുഴ,എഴുത്തച്ഛൻ)

7)ഹിരണ്യകശിപു പ്രഹ്ലാദനെ കൊല്ലാൻ വിളിച്ചു വരുത്തിയ സർപ്പത്തിന്റെ പേര് എന്തായിരുന്നു ?

( തക്ഷശില,തക്ഷകൻ,തക്ഷശ്രീ, വരാഹം)

## II താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക 6*2=12

1)എന്തു പരമാർത്ഥമാണ് ചങ്ങാലിക്ക് അറിയാൻ പാടില്ലായിരുന്നത് ?

2 )ഭടന്മാർ എന്തെല്ലാം തരത്തിലാണ് പ്രഹ്ലാദനെ ആക്രമിച്ചത് ?

3) സക്കേവൂസ് യേശുദേവന്റെ മുന്നിൽ വെച്ച് സത്യം ചെയ്തതെന്ത് ?

4 ) ചങ്ങാലിപ്രാവ് തലതല്ലിക്കരയാൻ കാരണമെന്ത് ?

5) യേശുദേവൻ ഒടുവിൽ അരുളിചെയ്തതെന്ത് ?

6) പ്രഹ്ലാദന്റെ ഗുണങ്ങൾ എന്തെല്ലാം ?

## II ഉത്തരം എഴുതുക 4*3=12

1) ഹിരണ്യകശിപു എന്തുകൊണ്ടാണ് ഊരിയ വാളുമായി ഗുരുവിന്റെ നേരെ പാഞ്ഞടുത്തത് ?

2)പയർ എന്തു ചെയ്തെന്നാണ് ചങ്ങാലിപ്രാവ് സംശയിച്ചത് ?കാരണമെന്ത് ?

3) സക്കേവൂസ് യേശുദേവന്റെ മുന്നിൽ വച്ച് സത്യം ചെയ്തതെന്ത് ?

4) ഇടിമുഴക്കം പോലെ അയാൾ ഗർജ്ജിച്ചതെന്ത് ?

## III ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക 1*5=5

1) ശിരസ്സിനുള്ളിൽ ഒരഗ്നിപർവതം പൊട്ടിയതുപോലെയുള്ള അനുഭവം ഹിരണ്യകശിപുവിനുണ്ടാകാൻ കാരണമെന്ത് ?
2) ഹിരണ്യകശിപു ഏതെല്ലാം രീതികളിലാണ് പ്രഹ്ലാദനെ കൊല്ലാൻ ശ്രമിച്ചത്? ചുരുക്കി വിവരിക്കുക.

## SECTION-C(11)

1 )ആശയം വിപുലീകരിച്ച് എഴുതുക 5

''ബന്ധുരകാഞ്ചനക്കൂട്ടിലാണെങ്കിലും

ബന്ധനം ബന്ധനം തന്നെ പാരിൽ''

2) താഴെ കൊടുത്തിരിക്കുന്ന വാക്യത്തിൽ നിന്നും എടുത്തെഴുതുക 1*6=6

1) രാജു വീണ വായിക്കുന്നു (കർത്താവ്,ക്രിയ)

2) മീര പാട്ട് പാടുന്നു (കർമം, ക്രിയ)

3) രാജാവ് മന്ത്രിയാൽ വഞ്ചിക്കപ്പെട്ടു ( കർത്താവ്,ക്രിയ)

## SECTION-D (4)

താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക 1*4=4

മനുഷ്യ ജീവിതത്തിനുവേണ്ട അടിസ്ഥാന ഘടകങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ജലം.ഭൂമിയിലുള്ള സകല ജീവജാലങ്ങൾക്കും ജലം ആവശ്യമാണെന്ന കാര്യത്തിൽ തർക്കമില്ല.ജീവജാലങ്ങളുടെ നിലനില്പ്പിന്റെ അടിസ്ഥാനം വെള്ളമാണ് .ജീവൻ നാമ്പെടുത്തത് ജലത്തിലാണ് .പൂർണ വളർച്ചയെത്തിയ ഒരാളുടെ ശരീരത്തിൽ 70 ശതമാനവും വെള്ളമാണ്. ആവശ്യത്തിനു വെള്ളം കുടിച്ചില്ലെങ്കിൽ പല അസുഖങ്ങളും പിടിപെടുന്നു.ഭക്ഷണം കഴിക്കാതെ നമുക്ക് 5 ആഴ്ച്ചയും വെള്ളമില്ലാതെ 5 ദിവസവും മാത്രമേ നില നില്ക്കാനാവൂ.വെള്ളത്തെപറ്റി പഠിക്കുന്ന ശാസ്ത്ര ശാഖയാണ് ഹൈഡ്രോളജി. ഭൂമിയിലെ മൂന്നിൽ രണ്ടു ഭാഗവും വെള്ളമാണെങ്കിലും ഇന്ന് ജനങ്ങൾക്ക കുടിക്കാൻ വേണ്ടത്ര ശുദ്ധജലം കിട്ടുന്നില്ല എന്നതാണ് സത്യം.വരും തലമുറ അഭിമുഖീകരിക്കേണ്ട ഏറ്റവും പ്രധാന പ്രശ്നവും ഇതു തന്നെ ആണെന്നതിൽ യാതൊരു സംശയവും ഇല്ല.

1 വെള്ളത്തെ പറ്റി പഠിക്കുന്ന ശാസ്ത്രശാഖ ഏത് ?

2 ജീവജാലങ്ങളുടെ നില നില്പ്പിന്റെ അടിസ്ത്ഥാനം എന്ത് ?

3 പുർണവളർച്ചയെത്തിയ ഒരാളുടെ ശരീരത്തിൽ എത്ര ശതമാനം വെള്ളമുണ്ട് ?

4 ജീവൻ നാമ്പെടുത്തത് എവിടെയാണ് ?